[ശ്രീ. കെ. ടി. അച്യുതൻ]

സ്വീകരിച്ചിട്ടുണ്ട്. അഖിലേൻഡ്യാ അടിസ്ഥാനത്തിലുള്ള ലേബർ കോൺ ഫറൻസിൽ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നിത്യോപയോഗസാധനങ്ങ ളുടെ വില കൂടിക്കൊണ്ടിരിക്കുമ്പോൾ നടപടികൾ എടുക്കേണ്ടതിനെപ്പറ്റി ചർച്ചകൾ നടത്തുകയുണ്ടായി. അതിന്റെ ഫലമായി കേന്ദ്രഗവണ്മെന്റിൽ നിന്നും എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും സ്റ്റോറുകൾ തുറക്കാൻ ആരംഭിച്ചി ട്ടുണ്ട്. ബോംബേയിൽ കാസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സ് നിർണ്ണ യിക്കപ്പെട്ടപ്പോൾ കണക്കുകൂട്ടലുകളിൽ ചില പിശകുകൾ വന്നിട്ടുണ്ട്. കേരള ത്തിലെ കാസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സിന്റെ കണക്കുകൂട്ടലിൽ പിശകുള്ള കാര്യങ്ങളെപ്പറ്റി പൊതുവെ പറഞ്ഞുവെന്നല്ലാതെ പ്രത്യേകമായി പറഞ്ഞിട്ടില്ല. ഇവിടെ കഴിഞ്ഞമാസം നടന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡു മീറ്റിംഗിൽ ബഹുമാനപ്പെട്ട ഗവർണ്ണറും സംബന്ധിച്ചിരുന്നു. അവിടെയും ഇക്കാര്യത്തെക്കുറിച്ച് ചർച്ച നടന്നു. പ്രത്യേകമായി കാസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സിൽ പിശകുണ്ടെങ്കിൽ അതിനു പരിഹാരം കാണണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനും പുറമേ അഖി ലേൻഡ്യാ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപ്പിലാക്കണമെന്നും ഈ സ്റ്റേറിനും പറയാൻ നിവൃത്തിയില്ല. കേന്ദ്രഗവണ്മെന്റും സംസ്ഥാന ഗവ ണ്മെന്റുകളും പ്ലാനിംഗ് കമ്മീഷനും പ്രത്യേകമായി ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

മിനിമം വേജസ് ആക്ടിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗങ്ങൾ പറ യുകയുണ്ടായി. കാസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സും വർദ്ധിക്കുന്നതിനനു സരിച്ചും ഡീയർനസും അലവൻസും കൂട്ടുന്നതിനും പ്രയാസമാണ്. കാസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സും ഡീയർനസ് അലവൻസുമായി 'ലിങ്ക്' ചെയ്യാനുള്ള നടപടികളും ഇൻഡ്യാഗവണ്മെന്റും സ്വീകരിച്ചിട്ടുണ്ട്. അതനു സരിച്ചും ഇപ്പോഴുള്ള കാസ്റ്റ് ഓഫ് ലിവിംഗ് ഇൻഡക്സിൽ റിവിഷൻ വരുമ്പോഴും ഡീയർനസ് അലവൻസുമായി 'ലിങ്ക്' ചെയ്യാനുള്ള നടപടികളും എടുത്തുവരികയാണ്. മിനിമം വേജസ് അഡ്വൈസറി ബോർഡിനോടു തന്നെ, പൊതുവെ ഇന്നുള്ള വിലക്കയറ്റത്തിൽ എന്തെങ്കിലും പരിഹാരം ചെയ്യാൻ സാധിക്കുമോയെന്നും അന്വേഷിച്ചിട്ടുണ്ട്. മൂന്നാം പഞ്ചവൽസര പദ്ധതിയിൽ പൊതുവേ ഡവലപ്പ്മെന്റും ആക്ടിവിറ്റീസിനുവേണ്ടി സാധ നങ്ങളുടെ വില അൽപസ്വൽപ്പം വർദ്ധിക്കാതിരിക്കാൻ നിവൃത്തിയില്ല. അതു കൊണ്ടും കൂടുതലായി ഇതിനെ സംബന്ധിച്ചും ചർച്ച ചെയ്യേണ്ട ആവശ്യ മുണ്ടെന്നു തോന്നുന്നില്ല. ഗവണ്മെന്റു സജീവമായ നിലയിൽതന്നെ കാര്യങ്ങൾ അന്വേഷിച്ചുവരികയാണ്.

Mr. Speaker : In view of the facts stated by the honourable Minister I withhold consent to the moving of the adjournment motions.

CALLING ATTENTION UNDER RULE 61

Proposed direct action by the Kerala Aided Primary Teachers

Mr. Speaker : Shri N. Gopala Kurup has given a notice under Rule 61. The Member can state the facts.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : സർ, നമ്മുടെ സംസ്ഥാനത്തുള്ള എയി ഡഡ് പ്രൈമറി സ്കൂളുകളിൽ ജോലിചെയ്യുന്ന അറുപതിനായിരത്തോളം വരുന്ന അദ്ധ്യാപകന്മാർ കഴിഞ്ഞ നാലുവർഷമായിട്ട് നിരന്തരമായി നടത്തിയ നിവേ ദനങ്ങളെല്ലാംതന്നെ ആകെ വനരോദനങ്ങളായി കലാശിച്ചതിന്റെ ഫലമായി അടുത്തമാസം രണ്ടാം തീയതിമുതൽ ഒരു പ്രത്യക്ഷസമരപരിപാടി സ്വീകരി ക്കാൻ നിർബന്ധിതരായിരിക്കുകയാണെന്നും ഒരു തീരുമാനം എടുക്കുകയും,

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യം കാണിച്ചുകൊണ്ട് ഗവണ്മെൻറിലേയ്ക്ക് ഒരു നോട്ടീസ് കൊടുക്കുകയും പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ നാലുവർഷക്കാല മായി നമ്മുടെ സംസ്ഥാനത്തുള്ള അറുപതിനായിരത്തോളം വരുന്ന അദ്ധ്യാപക ന്മാരുടെ താൽപര്യത്തെക്കുറിച്ച് ന്യായമായിട്ടൊന്നു വീക്ഷിക്കാൻപോലും ഗവ ണ്മെൻറിനു കഴിഞ്ഞിട്ടില്ലെന്നുള്ള ഒരു സ്ഥിതിവിശേഷമാണു് ഉണ്ടായിട്ടുള്ള തെന്നു പറഞ്ഞാൽ, അതു് ഏറ്റവും ദയനീയമാണെന്നാണു് എന്റെ അഭി പ്രായം. കഴിഞ്ഞബഡ്ജറ്റ് സമ്മേളനത്തിനുമുമ്പു ഇതേ ആവശ്യങ്ങളും ഉന്ന യിച്ചുകൊണ്ടു്, അന്നു് ഒരു പ്രത്യക്ഷപരിപാടിക്കു് ഗവണ്മെൻറിലേക്കു് നോട്ടീസ് നൽകിയിരുന്ന അദ്ധ്യാപക സംഘടനതന്നെയാണു്, ഇപ്പോഴും അതേആവശ്യം ഉന്നയിച്ചുകൊണ്ടു് ഗവണ്മെൻറിലേക്കു് നോട്ടീസ് കൊടുത്തി രിക്കുന്നതു്. ആ നോട്ടീസ് ഗവണ്മെൻറിലേക്കു കൊടുത്ത അവസരത്തിലായി രുന്ന നമ്മുടെ രാജ്യത്തു് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതു്. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സ്റ്റേറ്റിന്റെ ആഭ്യന്തരസ്ഥിതിക്കു്, ഒരു സമരം ഉണ്ടായാൽ വിഷമങ്ങളുണ്ടാകുമെന്നു് കണ്ട, ആ സമരപരിപാടി സദുദ്ദേശത്തോ ടുകൂടി ആ സംഘടന സ്വയം മാറ്റിവച്ചുവെന്നു ഗവണ്മെൻറിനെ ആ സംഘ ടനതന്നെ അറിയിക്കുകയുണ്ടായി. അതിൽ അവരെ അനുമോദിച്ചുകൊണ്ടു്, മുഖ്യമന്ത്രി ഒരു മറുപടി അയച്ചതായും ഞാൻ അറിഞ്ഞു. അതു കഴിഞ്ഞു് ഒരു വർഷം കഴിഞ്ഞപ്പോഴും വീണ്ടും, ആ സംഘടന ഗവണ്മെൻറിലേക്കു് അവരുടെ ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ടു് ഒരു മെമ്മോറാണ്ടം അയയ്ക്കുകയുണ്ടായി. ആ മെമ്മോറാണ്ടം അയച്ചിട്ടും മുഖ്യമന്ത്രി ആ സംഘടനയിലെ പ്രതിനിധികളെ വിളിച്ചുവരുത്തി, അവരുമായി ചർച്ച നടത്തി ഇതിനു് എന്തു തീരുമാനം എടു ത്താൽ പരിഹാരം കാണാൻ സാധിക്കുമെന്നുള്ളതിനു് ഒരു മറുപടി കൊടുക്കാ മായിരുന്നു. കഴിഞ്ഞ രണ്ടുമാസത്തിനു മുമ്പു എയിഡഡ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ തിരുവനന്തപുരത്തു വരികയും, ഈ നിയമസഭയിലെ എല്ലാ അംഗങ്ങളേയും ക്ഷണിച്ചുവരുത്തി അവരുടെ പരാധീനതകളും ബുദ്ധിമുട്ടുകളും വിശദീകരിച്ചു കേൾപ്പിക്കുകയുമുണ്ടായി. അതിൽ കുറെയൊക്കെ ന്യായ മുണ്ടെന്നു് ഈ സഭയിലെ അംഗങ്ങൾക്കു് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ, ആ വസ്തുതകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന തിനുവേണ്ടി എം. എൽ. എ. മാരുടെ ഒരു യോഗം കൂടുകയും അതിൽനിന്നു് ഏഴുപേർ അടങ്ങുന്ന ഒരു നിവേദക സംഘത്തെ തിരഞ്ഞെടുക്കുകയുംചെയ്തു. അതിന്റെ കൺവീനറായി നിശ്ചയിച്ചിരുന്നതു് ശ്രീ. കെ. നാരായണക്കുറു പ്പിനെയായിരുന്നു. അദ്ദേഹം അതുസംബന്ധിച്ചു് ചില നടപടികളും എടുത്തി ട്ടുണ്ടെന്നു് അറിയുകയുണ്ടായി. പക്ഷെ അതൊന്നുംതന്നെ ഫലപ്രദമായില്ല. അതിനുശേഷം ഇതേസംഘടനതന്നെ കേരളത്തിലെ എല്ലാ അദ്ധ്യാപക സംഘ ടനകളുടേയും പ്രതിനിധികളെ വിളിച്ചുവരുത്തി, അവരുമായി ആലോചിച്ചു്, എല്ലാവരും കൂടി യോജിച്ചുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം വീണ്ടും ഗവണ്മെൻറി ലേക്കു് അയയ്ക്കുകയുണ്ടായി. എന്നാൽ അതിനും ഗവണ്മെൻറിൽനിന്നു് യാതൊരു വിധത്തിലുള്ള മറുപടിയും ഉണ്ടായില്ല. ഇങ്ങനെ കഴിഞ്ഞ നാലു വർഷക്കാലമായി കേരളത്തിലെ അദ്ധ്യാപകന്മാരെയെല്ലാം ഇവിടത്തെ മുഖ്യ മന്ത്രി നിരന്തരമായി അവഹേളിക്കുന്ന ഒരു മനോഭാവമാണു് എന്നുള്ളധാരണ പൊതുവേ പരന്നിരിക്കുന്ന സ്ഥിതിവിശേഷമാണു് ഇവിടെയുള്ളതു്. ഈ ഒരു പരിതഃസ്ഥിതിയിൽ ഈ സംസ്ഥാനത്തുള്ള പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരെ ഒരു പ്രത്യക്ഷസമര പരിപാടിയിലേക്കു് തള്ളിവിടാൻ ശ്രമിക്കാതെ, അടിയ ന്തിരമായി അവരുടെ ആവശ്യങ്ങളെന്തെല്ലാമാണെന്നു് പരിശോധിക്കാൻ ആ സംഘടനയുടെ പ്രതിനിധികളുമായി കൂടിയാലോചിച്ചു് ഒരു പരിഹാരം കണ്ടെത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതിലേക്കു് മുഖ്യമന്ത്രി യുടെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഈ നോട്ടീസ് നൽകിയി രിക്കുന്നതു്. അദ്ദേഹം അപ്രകാരം ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

2/1404/V

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ശ്രീ. ഗോപാലക്കുറുപ്പ് ഉന്നയിച്ച ഈ പ്രശ്നം ഗവണ്മെൻറിൻെറ മുൻപിലുള്ള സജീവമായ ഒന്നാണ്. ഇവിടത്തെ പ്രൈമറിസ്കൂൾ അദ്ധ്യാപകർ മാത്രമല്ല, ചുരുങ്ങിയ ശമ്പളംകൊണ്ട് ജീവിക്കുവാൻ നിർബന്ധിതരായഎല്ലാവിഭാഗം ആളുകളും വളരെ ക്ലേശിച്ചാണ് കഴിയുന്നതെന്നുള്ള കാര്യം ഗവണ്മെൻറിനറിയാം. പ്രൈമറിസ്കൂൾ അദ്ധ്യാപകർ ഈ വിഷയത്തിൽ ഇതിനു മുൻപെടുത്തിട്ടുള്ള നടപടികളെല്ലാം ഗവണ്മെൻറിനറിയാം അദ്ധ്യാപകന്മാരുടെയിടയിൽ ഇതു സംബന്ധിച്ച് വളരെ അസ്വാസ്ഥ്യമുണ്ടെന്നുള്ള വിവരവും ഗവണ്മെൻറിനറിയാം. എന്നാൽ അദ്ധ്യാപകരുടെ ഇപ്പോഴത്തെ ആവശ്യങ്ങളെല്ലാം തൽക്കാലം നിറവേറ്റാൻ പ്രയാസമുണ്ട്. അവരുടെ പ്രതിനിധികളുമായി സംസാരിച്ച് കാര്യങ്ങൾ അവരെ ഗ്രഹിപ്പിക്കുകയും, ഏതെങ്കിലും തരത്തിൽ അവർക്ക് സംതൃപ്തിയുണ്ടാക്കാൻ വല്ലതും ചെയ്യുകയും വേണമെന്നു ഗവണ്മെൻറിനു അഭിപ്രായമുണ്ട്. ഈ നിവേദനം കിട്ടിയതിനുശേഷം അവരുടെ പ്രതിനിധികളെ വിളിച്ച് അവരുമായി സംസാരിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അവരെ അടുത്ത ഏതാനും ദിവസങ്ങൾക്കകം കാണുന്നതും, അവർ ഉന്നയിക്കുന്ന ഈ ആവശ്യങ്ങളെ സംബന്ധിച്ച അവരുമായി സംസാരിക്കുകയും അവർ ഇപ്പോൾ പറയുന്നതുപോലുള്ള പ്രത്യക്ഷ സമരപരിപാടികളും മറ്റും ചെയ്യാൻ ഇടയാകാത്ത സാഹചര്യമുണ്ടാക്കി അവരെ അതിൽനിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുക ആവശ്യമാണെന്നു ഗവണ്മെൻറു കരുതുന്നു. അതിൻെറ ആദ്യപടി എന്നുള്ള നിലയിൽ അവരുമായി സംഭാഷണം നടത്തുന്നതാണ്, അതിനു അവർക്ക് അറിയിപ്പ് അയച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് എൻെറ ഓർമ്മ. ഇപ്പോൾ അതു അയച്ചുകാണും. ഏതാനും ദിവസം മുൻപു അപ്രകാരം ചെയ്യാൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആ നിലയ്ക്ക് ബഹുമാനപ്പെട്ട മെംബർ ഇവിടെ നിർദ്ദേശിച്ച തരത്തിൽ ഇവിടത്തെ ഗവണ്മെൻറ് ഈ വിഷയത്തിൽ മുന്നോട്ടു നീങ്ങുന്നു എന്നുള്ള സമാധാനം അവർക്കുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. അടിയന്തിരാവസ്ഥമൂലം കഴിഞ്ഞകൊല്ലം ഈ പ്രശ്നങ്ങളുടെ പരിചിന്തനം മാറ്റിവച്ചു എന്നു പറയുകയുണ്ടായി. അടിയന്തിരാവസ്ഥ ഇപ്പോഴും നിലനില്ക്കുകയാണ്. ഗവണ്മെൻറിൻെറ വൈഷമ്യങ്ങളും അവസാനിച്ചിട്ടില്ല എന്ന വസ്തുതയും ബന്ധപ്പെട്ടവർ ഓർക്കുന്നതു നല്ലതായിരിക്കും. അദ്ധ്യാപകരുടെ വിരോധിയാണ് ഈ ചീഫ് മിനിസ്റ്റർ എന്നൊരു പ്രചരണം ആരോ സൗകര്യത്തിനു വേണ്ടി ഉണ്ടാക്കിയിട്ടുണ്ട്. ഒരു അദ്ധ്യാപകൻകൂടിയായിരുന്നിട്ടുള്ള ചീഫ് മിനിസ്റ്റർക്ക് അവരുടെ പ്രയാസങ്ങളെപ്പറ്റി നല്ലവണ്ണം അറിയാം. അവരുടെ മനോവ്യാപാരങ്ങളെപ്പറ്റി സാമാന്യമായി അറിയാം. അദ്ധ്യാപകരോട് വളരെയേറെ അനുഭാവമുള്ള ഒരാളാണ് ഈ ചീഫ് മിനിസ്റ്റരെന്നുള്ള കാര്യം അവർ കുറേ കഴിഞ്ഞെങ്കിലും മനസ്സിലാക്കാതിരിക്കുകയില്ലെന്നു വിശ്വസിക്കാം.

Presentation of Reports.

Chief Minister (**Shri R. Sankar**) : Sir, I present the Report of the Select Committee on the General Sales Tax (Validation) Bill, 1964.

Minister for Public Health (**Shri M. P. Govindan Nair**) : Sir, I present the Report of the Select Committee on the Nurses and Midwives (Amendment) Bill, 1963. Smt. K. R. Gouri has given a dissenting minute.

LIBRARY ARCHIVES Kerala Legislative Assembly